(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇല്ല.

(ഡി) പമ്പ് ഓപ്പറേറ്റർ നിയമനം സംബന്ധിച്ച് കേരളാ ഹൈക്കോടതി പ്രസ്താവിച്ച വിധി "പമ്പ് ഓപ്പറേറ്റർമാരുടെ കേരളാ വാട്ടർ അതോറിറ്റിയിലെ ഒഴിവുകൾ പി. എസ്. സി. മുഖേനയോ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയോ നികത്തണം എന്നാണ്.

(ഇ) പി. എസ്. സി. വഴി സ്ഥിരമായി നിയമിച്ചവരുടെ വിവരം ചുവടെ ചേർക്കുന്നു.

ഡ്രൈവർ	–	51
സാനിട്ടറി കെമിസ്റ്റ്	–	6
മെക്കാനിക്ക്	–	7
ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II	–	150
അസിസ്റ്റന്റ് എഞ്ചിനീയർ	–	144
എൽ. ഡി. ക്ലാർക്ക്	–	10
എൽ. ഡി. ടൈപ്പിസ്റ്റ്	–	17
വാച്ച്മാൻ	–	5
പ്യൂൺ	–	3
ആകെ		393

താൽക്കാലികമായി നിയമനങ്ങളൊന്നും തന്നെ നടന്നിട്ടില്ല. റിട്ടയർ ചെയ്തതിനുശേഷം ശ്രീ. ആർ. രാമാനുജത്തിന് മാനേജിംഗ് ഡയറക്ടറായി ജൂൺ 30 വരെ പുനർ നിയമനം നൽകിയിട്ടുണ്ട്.

വാട്ടർ അതോറിറ്റിയിലേയ്ക്ക് പി. എസ്. സി. റാങ്ക് ലിസ്റ്റ് വഴി നിയമനം

102 (994) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റിയിലേയ്ക്കുള്ള നിയമനത്തിന് പി. എസ്. സി. ഏതെല്ലാം തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരം തസ്തികകളിൽ വാട്ടർ അതോറിറ്റിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴിയും കോൺട്രാക്റ്റ് അടിസ്ഥാനത്തിലും നിയമനം നടത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് പി. എസ്. സി. യിൽ നിലവിലുള്ളപ്പോൾ കോൺട്രാക്ട് അടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയും നിയമനം നടത്തിയതിന്റെ സാധൂകരണമെന്തെന്ന് പറയുമോ ;

(ഡി) കോൺട്രാക്ട് അടിസ്ഥാനത്തിൽ നടത്തപ്പെട്ട നിയമനങ്ങൾക്ക് റിസർവേഷൻ തത്വം പാലിച്ചിട്ടുണ്ടോ ;

(ഇ) കോൺട്രാക്ട് അടിസ്ഥാനത്തിൽ കേരളാ വാട്ടർ അതോറിറ്റിയിൽ നിയമിക്കപ്പെട്ടവരും ഇപ്പോൾ അവിടെ ജോലി ചെയ്യുന്നവരുമായ ജീവനക്കാരുടെ ജാതി തിരിച്ചുള്ള ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ) താഴെപ്പറയുന്ന തസ്തികകളിലേയ്ക്കുള്ള റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

1. ഡ്രാഫ്റ്റ്മാൻ ഗ്രേഡ് II /വാട്ടർ വർക്ക്സ് ഇൻസ്പെക്ടർ
2. ഡ്രൈവർ (എച്ച്. ഡി. വി.)
3. അസിസ്റ്റന്റ് എഞ്ചിനീയർ
4. മെക്കാനിക്ക്
5. ഡ്രൈവർ (എൽ.ഡി.വി.)
6. സാനിട്ടറി കെമിസ്റ്റ്
7. ഓപ്പറേറ്റർ

(ബി) കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടില്ല. ഓപ്പറേറ്റർ തസ്തികയിൽ റാങ്ക്ലിസ്റ്റ് നിലവിൽ വരുന്നതിനുമുമ്പ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തിയിട്ടുണ്ട്.

(സി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം ഒരു തസ്തികയിലും കോൺട്രാക്ട് അടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും നിയമനം നടത്തിയിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly